# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **1300**      **03.10.2016-** ൽ മറുപടിയ്ക്ക്

## പ്രവാസി മലയാളികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.വി. അബ്ദുറഹിമാൻ** | | **ശ്രീ. പിണറായി വിജയൻ** *(മുഖ്യമന്ത്രി)* |
| എ) | പ്രവാസി മലയാളികൾക്ക്, സർക്കാർ ജീവനക്കാരുടേതുപോലെ കോൺട്രിബ്യൂട്ടറി പെൻഷൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | എ) | പ്രസ്തുത വിഷയം തൽക്കാലം പരിഗണനയിലില്ല. |
| ബി) | എയർപോർട്ടിൽ നിന്നും കയറി പോകുന്നതിന് മുൻപുതന്നെ ഇൻഷ്വറൻസ് ഉണ്ടെന്ന് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) | എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമുള്ള വിദേശ രാജ്യങ്ങളിൽ ജോലിക്ക് പോകുന്ന എല്ലാ പേർക്കും ഇ.സി.ആർ. സ്റ്റാമ്പിംഗിനു മുമ്പായി ഇൻഷ്വറൻസ് നിർബന്ധമാക്കിയിട്ടുണ്ട്. ഇതിനായി കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതിയാണ് പ്രവാസി ബീമായോജന. താഴ്ന്ന ജോലിക്ക് പോകുന്ന എല്ലാപേരും എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമുള്ളവരാണ്. അവർക്ക് പ്രവാസി ബീമാ യോജന പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് പരിരക്ഷ നിർബന്ധമാക്കിയിട്ടുണ്ട്.<br>നോർക്ക റൂട്ട്സ് വഴി നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾ എമിഗ്രേഷൻ ക്ലിയറൻസിന് പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് മുമ്പാകെ ഇൻഷ്വറൻസ് പോളിസി സമർപ്പിച്ചാൽ മാത്രമേ എമിഗ്രേഷൻ ക്ലിയറൻസ് ലഭിക്കുകയുള്ളൂ. |

നോർക്കയുടെ അനുമതിയോടെയല്ല എല്ലാവരും വിദേശ യാത്ര നടത്തുന്നത്. വിദേശത്ത് ജോലിക്ക പോകുന്നവർക്ക മാത്രമേ ഇൻഷ്വറൻസ് പരിരക്ഷ ആവശ്യമുള്ളൂ. അതിനാൽ എല്ലാപേർക്കും ഇൻഷ്വറൻസ് ഉറപ്പാക്കുന്നതിന് പ്രായോഗിക വിഷമതകൾ ഉണ്ട്.

**സെക്ഷൻ ഓഫീസർ**